(സി) & (ഡി) എൻട്രൻസ് പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തിയശേഷം ഒഴിഞ്ഞുകിടക്കുന്ന സർക്കാർ സീറ്റുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

എഞ്ചിനീയറിംഗ്	..	3752
ബി.ഫാം	..	101
നഴ്സിംഗ്	..	130

എം.ബി.ബി.എസ്., ബി.ഡി.എസ്., ആയുർവേദ, സിദ്ധ എന്നിവയിൽ ഒഴിഞ്ഞുകിടക്കുന്ന സർക്കാർ സീറ്റുകളുടെ എണ്ണവും, മേൽ സൂചിപ്പിച്ച എല്ലാ കോളേജുകളിലും ഒഴിഞ്ഞുകിടക്കുന്ന മാനേജ്മെന്റ് സീറ്റുകളുടെ എണ്ണവും ശേഖരിച്ച് നൽകുന്നതാണ്.

സഹകരണ സംഘങ്ങളിലെ ആഡിറ്റ്

93 [1499] ശ്രീ. കെ. എ. ചന്ദ്രൻ:

,, ടി. വി. ചന്ദ്രമോഹൻ:

,, എം. എ. കുട്ടപ്പൻ:

,, ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളുടെ കണക്കുകൾ ആഡിറ്റ് ചെയ്യുവാൻ എത്ര ജീവനക്കാരുണ്ട്;

(ബി) നിലവിൽ എത്ര സംഘങ്ങളുടെ കണക്കുകൾ ആഡിറ്റ് ചെയ്യുന്ന കാര്യത്തിൽ കുടിശ്ശിക വന്നിട്ടുണ്ട്;

(സി) എത്ര വർഷത്തെ കുടിശ്ശിക ഇക്കാര്യത്തിൽ വരുത്തിയിട്ടുണ്ട്; ആഡിറ്റ് കുടിശ്ശിക ഒഴിവാക്കുവാൻ എന്തെല്ലാം നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സഹകരണ സംഘങ്ങളുടെ കണക്കുകൾ ആഡിറ്റ് ചെയ്യുവാൻ 380 ആഡിറ്റർമാരും, കുടിശ്ശിക ആഡിറ്റ് ചെയ്യുവാൻ 75 ജൂനിയർ ആഡിറ്റർമാരും ഉണ്ട്. കൂടാതെ കെ.എസ്.ആർ. 156-ാം ചട്ടപ്രകാരം നിയമിക്കപ്പെടുന്ന വിവിധ ഗ്രേഡുകളിലുള്ള 987 കൺകറന്റ് ആഡിറ്റർ/അഡീഷണൽ ആഡിറ്റർമാരുണ്ട്.

(ബി) 31-1-2005-ലെ കണക്കുപ്രകാരം 15204 സംഘങ്ങളുടെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിൽ കുടിശ്ശിക ഉണ്ട്.

(സി) ആലപ്പുഴ ഒഴികെയുള്ള ജില്ലകളിൽ 1999-2000 മുതലും ആലപ്പുഴ ജില്ലയിൽ 2002-2003 മുതലും കോട്ടയം ജില്ലയിൽ 1998-99 മുതലുമുള്ള ആഡിറ്റ് കുടിശ്ശികയുണ്ട്. ആഡിറ്റ് കുടിശ്ശിക ഒഴിവാക്കുവാൻ സഹകരണ ആഡിറ്റ് പ്രത്യേക വിഭാഗമായി രൂപീകരിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ച് വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly